28/10/25

TM2535370 Reg. No :.....

Name :.....

MASTER'S DEGREE (C.S.S) EXAMINATION, OCTOBER 2025

2024 ADMISSIONS REGULAR

SEMESTER III - CORE COURSE

MA3C15M - Paschathya Sahithya Sidhanthangal

Time : 3 Hours Maximum Weight : 30

Part A

I. Answer any Eight questions. Each question carries 1 weight (8x1=8)

1. ബയോഗ്രഫിക്കൽ ക്രിട്ടിസിസം എന്തെന്ന് വിശദീകരിക്കുക.
2. ഇംഗ്ലീഷ് നാടകങ്ങളിലെ കോമഡിയെ ഡ്രൈഡൻ നോക്കിക്കാണുന്നതെങ്ങനെ?
3. കാവ്യഭാഷ, വൃത്തനിബന്ധന എന്നിവയെക്കുറിച്ചുള്ള വേർഡ്സ് വർത്തിന്റെ പരാമർശങ്ങൾ ക്രോഡീകരിക്കുക.
4. 'കേവലയാഥാർത്ഥ്യം വൈയക്തികമാണെന്ന ധാരണയാണ് ക്രോച്ചേയുടെ കലാസിദ്ധാന്തത്തിനടിസ്ഥാനം '-പരിശോധിക്കുക.
5. 'പദങ്ങളാണ് കവിതയിലെ അനുഭവം അഭിസംക്രമിപ്പിക്കുന്നതെ'ന്ന് ഐ എ റിച്ചാർഡ്സ് പറയുന്നതെന്തുകൊണ്ട്?
6. നവീന വിമർശനത്തിന്റെ പരിമിതികൾ എന്തെല്ലാം?
7. മാർക്സിസം ചരിത്രപുരോഗതിക്ക് വഴി ചൂണ്ടുന്ന ഒരു തത്വസംഹിതയാണെന്ന ജോർജ്ജ് ലുക്കാച്ചിന്റെ അഭിപ്രായങ്ങൾ വിലയിരുത്തുക.
8. സോഷ്യലിസ്റ്റ് റിയലിസം എന്തെന്ന് വിശദമാക്കുക.
9. ചരിത്രത്തെ സംബന്ധിച്ച ഫൂക്കോയുടെ നിലപാടുകൾ ക്രോഡീകരിക്കുക.
10. മനസികാപഗ്രഥനം (psycho analysis)എന്തെന്ന് വിശദമാക്കുക.

Part B

II. Answer any Six questions. Each question carries 2 weight (6x2=12)

11. ഡോക്ടർ ജോൺസന്റെ വിമർശന രീതിയുടെ സ്വഭാവം വിലയിരുത്തുക.
12. 'ട്രാജഡി' എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ എന്തെല്ലാം ?
13. ഇന്ദ്രിയപരമായ ആനന്ദമല്ല , ബുദ്ധിപരമായ ആനന്ദമാണ് കാവ്യത്തിൽ സിദ്ധിക്കുന്നതെന്ന് കോൾറിഡ്ജ് അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്?
14. നവീനവിമർശനം(ന്യൂ ക്രിട്ടിസിസം) എന്തെന്ന് വിശദീകരിക്കുക.
15. കവിത മനുഷ്യന്റെ ചോദനാമണ്ഡലം ഭദ്രമായി ഭരിക്കുന്നു എന്ന് ഐ എ റിച്ചാർഡ്സ് അഭിപ്രായപ്പെടുന്നതിന്റെ സാംഗത്യം പരിശോധിക്കുക.
16. യാഥാർത്ഥ്യത്തെ നവീകരിക്കുകയാണ് കലയുടെ ധർമ്മം എന്ന് വിക്ടർ ഷ്ക്ലോവ്സ്കി പറയുന്നതെന്തുകൊണ്ട്?വിശദീകരിക്കുക.
17. പുരുഷന്മാരുടെ ആധിപത്യമുള്ള കുത്തകഭാഷയുടെ വിധേയജിപ്പാണ് സ്ത്രീഭാഷ എന്ന ലൂസി ഇറിഗാറെയുടെ അഭിപ്രായം നിരൂപിക്കുക.
18. ചരിത്രത്തെയും അധികാരത്തെയും സംബന്ധിച്ച മിഷേൽ ഫൂക്കോയുടെ ദർശനങ്ങൾ വിലയിരുത്തുക.

Part C

III. Answer any Two questions. Each question carries 5 weight (2x5=10)

19. നിയോക്ലാസ്സിക് ദർശനങ്ങൾ ജോൺ ഡ്രഡൻറെയും ഡോക്ടർ ജോൺസൻറെയും നിരൂപണങ്ങളെ എത്രത്തോളം സ്വാധീനിച്ചിരിക്കുന്നുവെന്ന് പരിശോധിക്കുക.
20. ടോൾസ്റ്റോയിയുടെ കലാചിന്തകൾ വിമർശനാത്മകമായി പരിശോധിക്കുക.
21. മാർക്സിയൻ നിരൂപണം മുന്നോട്ടുവയ്ക്കുന്ന സിദ്ധാന്തങ്ങൾ വിമർശനബുദ്ധ്യാ പരിശോധിക്കുക.
22. വ്യവഹാരത്തിന് (Discourse)ഫൂക്കോ നൽകുന്ന അർത്ഥതലങ്ങൾ പഠനവിധേയമാക്കുക.